പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

'ഇന്ദിരാ ആവാസ് യോജന' പദ്ധതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3503

10.04.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ.എ.കെ. ബാലൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | 'ഇന്ദിരാ ആവാസ് യോജന' പദ്ധതി പ്രകാരം സംസ്ഥാനത്ത് 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ എത്ര പുതിയ വീടുകൾ നിർമ്മിച്ചുനൽകി; | (എ) | 2011-2012-ൽ 43255 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. 2012-13 ലെ കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) | ഈ രണ്ട് സാമ്പത്തിക വർഷങ്ങളിലും പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് സംസ്ഥാന വിഹിതമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്; ഇതിൽ എത്ര രൂപാ ചെലവഴിച്ചു; | (ബി) | 2011-12 വർഷത്തിൽ സംസ്ഥാന വിഹിതമായി ബജറ്റിൽ വകയിരുത്തിയ 6676 ലക്ഷം രൂപയിൽ 5822.25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2012-13 വർഷത്തിൽ സംസ്ഥാന വിഹിതമായി ബജറ്റിൽ വകയിരുത്തിയ 8128 ലക്ഷം രൂപയിൽ 3852.85 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതമായി എത്ര രൂപ വകയിരുത്തിയിരുന്നു; അതിൽ എത്ര രൂപാ ചെലവഴിച്ചു; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി കേന്ദ്ര വിഹിതമായി എത്ര രൂപ ലഭിച്ചുവെന്നും അതിൽ എത്ര രൂപാ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ; | (ഡി) | 2011-12 വർഷത്തിൽ കേന്ദ്രവിഹിതമായി ലഭിച്ച തുക- 18160.05 ലക്ഷം 2011-12 വർഷത്തിൽ ആകെ ചെലവായ കേന്ദ്ര വിഹിതം 19814.76 (മുൻ ബാക്കി ഉൾപ്പെടെ) 2012-13 വർഷത്തിൽ കേന്ദ്രവിഹിതമായി ലഭിച്ച തുക 14408.5 ലക്ഷം 2012-13 വർഷത്തിൽ ആകെ ചെലവായ തുകയുടെ കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് ആർക്കൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ഇ) | ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് പൊതു വിഭാഗം പട്ടിക ജാതി വിഭാഗം, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ജനവിഭാഗങ്ങൾക്കാണ്. |
| (എഫ്) | ഈ പദ്ധതി സംസ്ഥാനത്ത് വിജയകരമാണോയെന്നും അല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ ? | (എഫ്) | ഈ പദ്ധതി സംസ്ഥാനത്ത് വിജയകരമായി നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ